2014-ലെ ഗവർണറുടെ നയപ്രഖ്യാപനം

161 (†2399) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ലെ ഗവർണറുടെ നയപ്രഖ്യാപനത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാൻ എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) ഇതിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; ഇതിൽ ഓരോ പദ്ധതിയും നീക്കിവച്ച തുകയെത്ര; ചെലവഴിച്ച തുകയെത്ര ;

(സി) ഉപേക്ഷിച്ച പദ്ധതികൾ ഏതെല്ലാം?

ഉത്തരം

(എ&ബി) വിവിധ വകുപ്പുതലവന്മാരിൽനിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം 2014-ലെ ഗവർണറുടെ പ്രഖ്യാപനത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ നീക്കിവച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഈ പദ്ധതികളിൽ മിക്കവയും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ നടപ്പു സാമ്പത്തിക വർഷാവസാനത്തിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ.

(സി) വിവിധ വകുപ്പുതലവന്മാരിൽനിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം പദ്ധതികളൊന്നുംതന്നെ ഉപേക്ഷിച്ചതായി കാണുന്നില്ല.

നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

162 (2400) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മന്ത്രിസഭായോഗ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഏതെല്ലാം നിലയിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) വെള്ളക്കരം, മദ്യനികുതി, ബിയർ-വൈൻ നികുതി, സിഗരറ്റ് നികുതി, ഭൂനികുതി, പ്ലാന്റേഷൻ നികുതി, സർക്കാർ സേവനങ്ങൾക്കുള്ള ഫീസുകൾ തുടങ്ങി ഏതെല്ലാം നികുതികളും ഫീസുകളും എത്ര ശതമാനം വീതം വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ട് ;

(സി) മേൽപ്പറഞ്ഞ ഓരോ ഇനത്തിലും വർദ്ധനയിലൂടെ പ്രതിവർഷം അധികമായി ലഭിക്കുന്ന തുകകൾ വിശദമാക്കാമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവ സംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മദ്യം, വൈൻ, ബിയർ, സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. എല്ലാത്തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ഇതിനുപുറമേ പുതിയ നയത്തിന്റെ ഭാഗമായി നിർത്തലാക്കിയ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതിയിന്മേൽ 5 ശതമാനം അധിക സെസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇതുവഴി 1130 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. 100 കോടി രൂപ അധിക വരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു. സിഗറ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽ നിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കാനും തീരുമാനിച്ചു. പ്രതിവർഷം 264 കോടി രൂപ പ്രതീക്ഷിക്കുന്നു.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽ നിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ മറ്റെല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്കീമുകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ ലൂക്കയ്ജ് മൂല്യമുള്ള സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 25-9-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 88/2014WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ നിന്നും 176 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.